39 (454) ചാല ഗവണ്മെന്റ് ഹയർസെക്കണ്ടറി സ്കൂൾ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചാല ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂൾ യു.പി. വിഭാഗം പ്രവർത്തിക്കുന്ന സ്വകാര്യ വ്യക്തിയുടെ സ്ഥലം അക്വയർ ചെയ്യുന്നതിനു വേണ്ടിയുള്ള അഭ്യർത്ഥന സർക്കാരിന് ലഭിച്ചിട്ടുണ്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലം അക്വയർ ചെയ്യുന്നതിന് സമ്മതമാണെന്ന് ബന്ധപ്പെട്ട കമ്മിറ്റി അറിയിച്ചിട്ടുണ്ടോ; എങ്കിൽ അക്വസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം എന്താണെന്നു വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്കൂളിൽ യു.പി./ഹൈസ്കൂൾ/ഹയർസെക്കണ്ടറി വിഭാഗത്തിൽ എത്ര കുട്ടികൾ പഠിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്പോൾ നിലവിലുള്ള കെട്ടിടങ്ങൾ വിദ്യാർത്ഥികളുടെ പഠനത്തിന് സൗകര്യപ്രദമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ നിലവിലുള്ള സൗകര്യം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നതേയുള്ളൂ.

(സി) പ്രസ്തുത സ്ഥലം അക്വയർ ചെയ്യുന്നതിന് ബന്ധപ്പെട്ട കമ്മിറ്റി രേഖാമൂലം സമ്മതം ആയിട്ടില്ല.

(ഡി) യു.പി. വിഭാഗം - 440 കുട്ടികൾ
ഹൈസ്കൂൾ - 846 കുട്ടികൾ
ഹയർ സെക്കന്ററി - 249 കുട്ടികൾ

(ഇ) ഇല്ല.

(എഫ്) പുതിയ കെട്ടിടം നിർമ്മിക്കാൻ ജില്ലാ പഞ്ചായത്തിനോടും സ്കൂൾ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. എം.പി. ഫണ്ടിൽ നിന്ന് 2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

40 (455) ജെ.എം.പി. ഹൈസ്കൂളിന്റെ ഉടമസ്ഥാവകാശം

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ജെ.എം.പി. ഹൈസ്കൂളിന്റെ ഉടമസ്ഥാവകാശം ഇപ്പോൾ ആർക്കാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ ജോലി നോക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര ഒഴിവുകളുണ്ട്;

(ഡി) ഈ സ്കൂളിൽ നിയമനം നടത്താനുള്ള അധികാരം ഇപ്പോൾ ആർക്കാണ്;

(ഇ) എന്തുകൊണ്ടാണ് നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്താത്തത്;

(എഫ്) എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ ഈ വർഷത്തെ അദ്ധ്യായനത്തിന് അദ്ധ്യാപകരെ നിയമിക്കാൻ സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(ജി) ഇവിടെ സ്ഥിരം നിയമനത്തിനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്.

(ബി) 13.

(സി) ഒഴിവുകൾ നിലവിലില്ല.

(ഡി) ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക്.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) കൈക്കൊള്ളുന്നതാണ്.

41.(456) **അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺഎയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പള പരിഷ്കരണം നടത്തുന്നതിനെ സംബന്ധിച്ച് ഹൈക്കോടതിയുടെ എന്തെങ്കിലും വിധി ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ വിധി നടപ്പാക്കുന്നതിന് ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഡി) ഇത് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തുവോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ഈ വിധി എന്നുമുതൽ നടപ്പാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അൺ എയിഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളം നിർണ്ണയിക്കുന്ന കാര്യം പരിഗണിക്കണമെന്ന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 14 എ എയിലെ വ്യവസ്ഥകൾ '99-2000 അദ്ധ്യയന വർഷം മുതൽ

LIBRARY ARCHIVES Kerala Legislative Assembly